(ഇ) പ്രസ്തുത തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഏത് വർഷം മുതലാണ് നിയമനം നടത്തിയിട്ടുള്ളത്; ഡെപ്യൂട്ടേഷൻ കാലാവധി ഏറ്റവുമൊടുവിൽ എന്നാണ് ദീർഘിപ്പിച്ച് നൽകിയത്; വിശദമാക്കാമോ?

ഇല്ല.

(എഫ്) പ്രസ്തുത തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് കെ.എ.ടി.-യിൽ നിലവിലുള്ള ഒ.എ.2267/2019 നമ്പർ കേസിന്മേൽ ട്രൈബ്യൂണൽ ആവശ്യപ്പെട്ട വിവരം നാളിതുവരെയും ലഭ്യമാക്കാൻ കഴിയാത്തതിന്റെ സാങ്കേതിക കാരണം വിശദമാക്കാമോ?

വിവരങ്ങൾ അഡ്വക്കേറ്റ് ജനറൽ ഓഫീസ് മുഖേന യഥാസമയം ലഭ്യമാക്കിയിട്ടുണ്ട്.

(ജി) പ്രസ്തുത കേസ് മാറ്റിവയ്ക്കുന്നതിലേയ്ക്കായി പോലീസ് വകുപ്പ് ട്രൈബ്യൂണലിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തവണയാണ് ആവശ്യപ്പെട്ടത്; കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഈ തസ്തികയിലേയ്ക്ക്, കാറ്റഗറി നമ്പർ 130/2012 പ്രകാരം എന്നത്തേയ്ക്ക് നിയമനം നടത്താൻ സാധിക്കും എന്നറിയിക്കാമോ; വിശദാംശം നൽകുമോ?

ഇല്ല. കേരള പോലീസിൽ Entry Cadre-ൽ CA Gr.II വിഭാഗത്തിൽ ആകെ 28 തസ്തികകളാണുള്ളത്. വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾ അനുസരിച്ച് ഈ തസ്തികയുടെ 50 ശതമാനം തസ്തികകൾ പി.എസ്.സി. വഴി നേരിട്ടുള്ള നിയമനത്തിലൂടെ നികത്തേണ്ടതാണ്. അപ്രകാരം നേരിട്ട് നിയമനം നടത്തുവാൻ കഴിയുന്ന ഒഴിവ് വരുമ്പോൾ നിയമന ശിപാർശ പി.എസ്.സി.-ക്ക് നൽകുന്നതാണ്.

**പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കേസുകൾ**

102 (113) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ൽ സംസ്ഥാനത്ത് നടന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

1189 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധം-1*ആയി ചേർത്തിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഓരോ കേസിലും പ്രതികളായവർ ഏതെല്ലാം പാർട്ടിയിൽ പ്പെട്ടവരാണെന്ന് വിശദമാക്കുമോ?

വിശദാംശം അനുബന്ധം-2* ആയി ചേർത്തിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

2055 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധം-3 ആയി ചേർത്തിട്ടുണ്ട്.*

**സ്ഥാനാർത്ഥിയെ മർദ്ദിച്ച സംഭവം**

103 (115) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ൽ നടന്ന തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ എറണാകുളം ജില്ലയിലെ എളമക്കര 32-ാം വാർഡിലെ യു.ഡി.എഫ്. സ്ഥാനാർത്ഥിയായിരുന്ന ശ്രീ. പയസ് ജോസഫിനെ മർദ്ദിച്ചത് സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. ഇക്കാര്യത്തിൽ എളമക്കര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 679/2020 *u/s* 341, 323, 324, 506 & 34 of *IPC* പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) ഈ കേസിലെ പ്രതികൾ ആരെല്ലാമെന്നും അവർ ഏത് രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരാണെന്നും വിശദമാക്കുമോ?

കേസിലുൾപ്പെട്ട പ്രതികളായ സർവ്വശ്രീ സാബു ആന്റണി, ജോർജ്ജ്, അജയ് സെബാസ്റ്റ്യൻ, ജേക്കബ്, ജോസ് മോൻ, അനീഷ് പി. എസ്. എന്നിവർ കൊച്ചി കോർപ്പറേഷൻ 35-ാം ഡിവിഷനിൽ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിച്ചയാളുടെ അനുഭാവികളാണ്.

(സി) ഈ കേസിന്റെ നിലവിലെ അന്വേഷണ പുരോഗതി വിശദമാക്കുമോ?

ഈ കേസിലെ 6 പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. കൂടുതൽ തെളിവുകൾ ശേഖരിക്കേണ്ടതുള്ളതിനാൽ കേസിന്റെ അന്വേഷണം ഊർജ്ജിതമായി നടന്നു വരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly